**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6758** **11-07-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം നിയോജക മണ്ഡലത്തിലെ പട്ടയ വിതരണത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം നിയോജക മണ്ഡലത്തിൽ പട്ടയ വിതരണത്തിനായുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; ഇതിനുള്ള സർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്താണെന്നും സർവ്വെ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുമോയെന്നും വ്യക്തമാക്കാമോ; | (എ) | മലപ്പുറം നിയോജക മണ്ഡലത്തിൽ പട്ടയ വിതരണത്തിനായുള്ള 810 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ആയവയുടെ വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത അപേക്ഷകളിൽ സർവ്വെ നടപടികൾ ആവശ്യമുള്ള കേസുകളിൽ ആയത് പൂർത്തീകരിച്ചു വരുന്നു. |
| (ബി) | മലപ്പുറം വില്ലേജിലെ പതിനഞ്ച് കുടുംബങ്ങൾക്ക് 2006 -ൽ അനുവദിച്ച പട്ടയഭൂമി കൈമാറ്റം ചെയ്യുന്നതിനുവേണ്ടി ഫെയർവാല്യൂ നിശ്ചയിക്കാനുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | മലപ്പുറം വില്ലേജിൽ ഡിജിറ്റൽ സർവ്വെ നടപടികൾ പുരോഗമിച്ചു വരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയഭൂമി കൈമാറ്റം ചെയ്യുന്നതിനുവേണ്ടി ഫെയർവാല്യൂ നിശ്ചയിക്കാനുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിയ്ക്കുന്നതാണ്. |
| (സി) | മൊറയൂർ വില്ലേജിലെ റീസർവ്വെ 94/2 നമ്പറിൽ ഉൾപ്പെട്ട ഒമ്പത് കുടുംബങ്ങൾക്ക് പട്ടയ വിതരണത്തിനായുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (സി) | മൊറയൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 56 ൽ റീസർവ്വെ 94/2ൽ ഉൾപെട്ട സ്ഥലം റീസർവെ റിക്കാർഡു പ്രകാരം സർക്കാർ പാറ ആയതിനാൽ പ്രസ്തുത സ്ഥലത്ത് താമസിയ്ക്കുന്ന പത്ത് കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്യുന്നതിലേയ്ക്കായി ബന്ധപ്പെട്ട വിഷയം പട്ടയം ഡാഷ്ബോർഡിൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | മലപ്പുറം മണ്ഡലത്തിലെ പട്ടയ വിതരണത്തിനായുള്ള അപേക്ഷകളിൽ കൈവശകക്ഷികളുടെ അർഹതാ പരിശോധന പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ ത്വരിതപ്പെടുത്തി അടിയന്തരമായി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ഡി) | മലപ്പുറം മണ്ഡലത്തിലെ പട്ടയ വിതരണത്തിനായുള്ള അപേക്ഷകളിൽ, കൈവശകക്ഷികളുടെ അർഹതാ പരിശോധന പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിയ്ക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | വില്ലേജ് | അപേക്ഷകളുടെ ൺണ്ണം |
|---|---|---|
| 1 | മേൽമുറി | 52 |
| 2 | പാണക്കാട് | 48 |
| 3 | പൂക്കോട്ടൂർ | 68 |
| 4 | പുൽപ്പറ്റ | 181 |
| 5 | ആനക്കയം | 102 |
| 6 | പന്തല്ലൂർ | 58 |
| 7 | കോഡൂർ | 145 |
| 8 | മലപ്പുറം | 71 |
| 9 | മൊറയൂർ | 85 |
| | ആകെ | 810 |